ഫണ്ട് കമ്മിറ്റി മുഖാന്തിരം വിതരണം ചെയ്തു. ഏഴാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞി നൽകി വന്നിരുന്നത് ഉച്ചഭക്ഷണമാക്കി മാറ്റി 10-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് നൽകിവരുന്നു. ലേബർ വെൽഫെയർ ഫണ്ട് മുഖേന വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്തുവരുന്നു. ഇതിനു പുറമെ തോട്ടം മേഖലയിലെ സാന്ത്വനികമായി പിന്നോക്കാവസ്ഥയിലുള്ള തൊഴിലാളികളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകളിൽ ഉപരിപഠനത്തിന് ധന സഹായം നൽകുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) 2007 ആഗസ്റ്റ് മുതൽ 2004 ജൂലൈ വരെ പൂട്ടിക്കിടന്നിരുന്ന തോട്ടങ്ങളിലെ ഓരോ തൊഴിലാളി കുടുംബത്തിനും ആഴ്ചയിൽ 10 കിലോ അരി വീതവും 2004 ആഗസ്റ്റ് മുതൽ ഒരു കുടുംബത്തിന് ആഴ്ചയിൽ 5 കിലോ അരി വീതവും സൗജന്യ റേഷനായി നൽകിവരുന്നു. 2001, 2002 വർഷങ്ങളിൽ ഓരോ തൊഴിലാളിക്കും ഓണക്കാലത്ത് 1000 രൂപ വീതവും 2003 മുതൽ 2005 വരെയുള്ള ഓണാക്കാലത്ത് അഞ്ഞൂറു രൂപ വീതവും എക്സ്ഗ്രേഷ്യാ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും ആരോഗ്യ പരിപാലനത്തിനായി സൗജന്യ മെഡിക്കൽ ക്യാമ്പുകൾ വഴിയും മൊബൈൽ ക്ലിനിക്കുകൾ വഴിയും ആവശ്യമായ മരുന്നുകൾ സൗജന്യമായി നൽകിവരുന്നു.

ഭാഗികമായി പൂട്ടിയതും പ്രവർത്തിച്ചുവരുന്നതുമായ തേയില തോട്ടങ്ങൾ

139. [139] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്കിൽ അടച്ചുപൂട്ടിയതും ഭാഗികമായി പൂട്ടിയതും ഇപ്പോൾ പ്രവർത്തിച്ചുവരുന്നതുമായ മുഴുവൻ തേയില തോട്ടങ്ങളുടെയും ഇനം തിരിച്ചുള്ള ലിസ്റ്റ് വെളിപ്പെടുത്താമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ വകുപ്പ് ഈ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് എന്തെല്ലാം സാമൂഹ്യ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ; ഇതുമായി ബന്ധപ്പെട്ട മുഴുവൻ ഉത്തരവുകളും ലഭ്യമാക്കുമോ;

(സി) ഓരോ തോട്ടങ്ങളിലും സ്ഥിരം ജീവനക്കാർ, താൽക്കാലിക ജീവനക്കാർ, എത്രവീതമെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) ഓരോ തോട്ടങ്ങളിലെയും എത്രവീതം തൊഴിലാളികൾക്ക് എത്രകാലം സൗജന്യ റേഷൻ നൽകിയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ; ബന്ധപ്പെട്ട ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ:

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തോട്ടം തൊഴിലാളികളുടെ മക്കൾക്ക് നൽകിവരുന്നതും നൽകിയതുമായ ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(എഫ്) പൂട്ടിക്കിടക്കുന്നതും ഭാഗികമായി പ്രവർത്തിക്കുന്നതുമായ തോട്ടങ്ങൾ തുറന്ന് പ്രവർത്തിക്കുവാൻ എന്തെല്ലാം നടപടികളാണ് തൊഴിൽ വകുപ്പ് കൈക്കൊണ്ടിട്ടുള്ളത്; അതുമായി ബന്ധപ്പെട്ട ഉത്തരവുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ലിസ്റ്റ് ചുവടെ ചേർത്തിരിക്കുന്നു:

I. അടച്ചു പൂട്ടിയ തേയില തോട്ടങ്ങൾ

1. ആർ. ബി. ടി. ഗ്രൂപ്പ്-2
2. പീരുമേട് ടീ കമ്പനി
3. എം. എം. ജെ. പ്ലാന്റേഷൻസ്
4. പുള്ളിക്കാനം എസ്റ്റേറ്റ്
5. മേത്താനത്ത് എസ്റ്റേറ്റ്

II. ഭാഗികമായി പൂട്ടിയതും ഇപ്പോൾ പ്രവർത്തിച്ചുവരുന്നതുമായ തേയിലത്തോട്ടങ്ങൾ

1. ആർ. ബി. ടി. ഗ്രൂപ്പ്-1
2. ഹോപ്പ് പ്ലാന്റേഷൻ
3. ഹെലിബറിയ
4. സെന്നിവാലി
5. ലക്ഷ്മി കോവിൽ
6. കരുംതരുവി ടി കമ്പനി

(ബി) തൊഴിൽ വകുപ്പ് നടപ്പിലാക്കിയ സമാശ്വാസ പദ്ധതികൾ താഴെ പറയുന്നവയാണ്:

1. സൗജന്യ റേഷൻ :– പ്രവർത്തനം നിലച്ച തോട്ടങ്ങളിലെ തൊഴിലാളികൾക്ക് 2002 ആഗസ്റ്റ് മുതൽ ഒരു കുടുംബത്തിന് ആഴ്ചയിൽ 10 കിലോ അരി വീതം സൗജന്യമായി നൽകിവന്നിരുന്നു. 2004 ആഗസ്റ്റ് മുതൽ ഓരോ തൊഴിലാളി കുടുംബത്തിനും ആഴ്ചയിൽ അഞ്ചു കിലോ ഗ്രാം അരി വീതം വിതരണം ചെയ്തുവരുന്നു.

2. എക്സ്ഗ്രേഷ്യ :– 2001 മുതൽ ഓണക്കാലത്ത് 1000 രൂപ വീതം നൽകിവന്നിരുന്നു. 2003 മുതൽ സൗജന്യ റേഷൻ കൈപ്പറ്റുന്ന ഒരു തൊഴിലാളിക്ക് 500 രൂപ ക്രമത്തിൽ നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

3. മെഡിക്കൽ ക്യാമ്പുകൾ :-- പീരുമേട് മേഖലയിൽ കോട്ടയം മെഡിക്കൽ കോളേജിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നു. കൂടാതെ മൊബൈൽ ഡിസ്പെൻസറി യൂണിറ്റ് ഉപയോഗിച്ച് ഔട്ട്-റീച്ച് സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പും നടത്തുന്നുണ്ട്. സൗജന്യമായി മരുന്നുകളും നൽകിവരുന്നു.

4. കുടിവെള്ള വിതരണം :-- അവശ്യ ഘട്ടങ്ങളിൽ ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശപ്രകാരം തോട്ടം മേഖലയിലെ തൊഴിലാളികളുൾക്ക് കുടിവെള്ള വിതരണം നടത്താറുണ്ട്.

5. പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി :-- ഇടുക്കി ജില്ലാ കളക്ടർ ചെയർമാനും പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർ കൺവീനറുമായി ഒരു പ്രതിനിധ്യം പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. തോട്ടം തൊഴിലാളികളുടെ മക്കൾക്ക് പാഠപുസ്തകങ്ങൾ, നോട്ടുബുക്കുകൾ, രണ്ട് സെറ്റ് യൂണിഫോം, സ്കൂൾ ബാഗുകൾ, കുട, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻസ്ട്രുമെന്റ് ബോക്സ് എന്നിവ ഈ കമ്മിറ്റിയുടെ ഫണ്ടുപയോഗിച്ച് വിതരണം ചെയ്തു. പ്രവർത്തനം നിലച്ച ഗ്രാന്റ്ണി, വുഡ്ലാന്റ്, ബോണാമി എന്നീ എസ്റ്റേറ്റുകളിലെ ആശുപത്രികൾ കമ്മിറ്റി ഫണ്ടുപയോഗിച്ച് പ്രവർത്തനസജ്ജമാക്കി ആവശ്യമായ സ്റ്റാഫിനെ നിയമിച്ചു. മരുന്നുകളും വിതരണം ചെയ്യുന്നു. മൂന്നു എസ്റ്റേറ്റ് ആശുപത്രികളിലും മൊബൈൽ ക്ലിനിക്കും പ്രവർത്തിച്ചുവരുന്നു.

6. ഉന്നത വിദ്യാഭ്യാസ ധനസഹായ പദ്ധതി :-- തേയില, കാപ്പി, ഏലം തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള ഉപരിപഠന കോഴ്സുകൾക്കായി ഒരു ധനസഹായ പദ്ധതി നടപ്പിലാക്കി.

7. തൊഴിലാളി ക്ഷേമനിധി ബോർഡ് :-- തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ഹൈസ്കൂൾ ഗ്രാന്റ്, ഉന്നത വിദ്യാഭ്യാസ ഗ്രാന്റ്, എസ്. എസ്. എൽ. സി. കാഷ് അവാർഡ്, ഐ. ടി. ഐ. കോഴ്സിനും കമ്പ്യൂട്ടർ കോഴ്സിനും ധനസഹായം, വിവാഹ ധനസഹായം എന്നിവയും തൊഴിലാളികൾക്ക് ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം എന്നിവയും തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകിവരുന്നു. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) തൊഴിലാളികളുടെ ഇനം തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(ഡി) അനുബന്ധം XXI-ലെ ലിസ്റ്റിലുള്ള പ്രവർത്തനം നിലച്ച തോട്ടങ്ങളിലെ തൊഴിലാളികൾക്ക് 2002 ആഗസ്റ്റ് മുതൽ ഒരു കുടുംബത്തിന് ആഴ്ചയിൽ 10 കിലോ അരി വീതവും 2004 ആഗസ്റ്റ് മുതൽ ആഴ്ചയിൽ 5 കിലോ അരി വീതവും സൗജന്യമായി നൽകിവരുന്നു. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.

† അനുബന്ധം XXI

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ ഫണ്ടുപയോഗിച്ച് പാഠപുസ്തകങ്ങൾ, നോട്ടുബുക്കുകൾ, കുട, സ്കൂൾ ബാഗ്, രണ്ട് സെറ്റ് യൂണിഫോം, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻസ്ട്രുമെന്റ് ബോക്സ് എന്നിവ 2004-05, 2005-06 വർഷങ്ങളിൽ വിതരണം ചെയ്തു. തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകി വരുന്നു. തോട്ടം തൊഴിലാളികളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള കോഴ്സുകളിൽ ഉപരിപഠനത്തിനായി ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(എഫ്) തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥ തലത്തിലും തൊഴിൽ വകുപ്പുമന്ത്രി തലത്തിലും നിരവധി ചർച്ചകൾ നടത്തുകയുണ്ടായി. ഇതിന്റെ ഫലമായി പൂട്ടിക്കിടന്ന നാല് തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞു. മറ്റ് തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്ന് വിവിധ ആശ്വാസ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അടഞ്ഞു കിടക്കുന്ന തോട്ടങ്ങളുടെ ഉടമകളെ 2003-04, 2004-05 വർഷങ്ങളിലെ പ്ലാന്റേഷൻ ടാക്സിൽനിന്നും അഗ്രികൾച്ചറൽ ഇൻകം ടാക്സിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. തോട്ടം തുറന്നു പ്രവർത്തിപ്പിക്കുന്ന ഉടമകൾക്ക് വൈദ്യുതി ചാർജ് തവണകളായി അടയ്ക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഇലക്ട്രിസിറ്റി റഗുലേറ്ററി അതോറിറ്റിയുടെ ശുപാർശയ്ക്ക് അനുസൃതമായി തോട്ടങ്ങളുടെ താരിഫ് വ്യവസ്ഥയിൽ മാറ്റം വരുത്തുവാനും തീരുമാനമായിട്ടുണ്ട്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകൾ

140. [140] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകൾ ഏതെല്ലാമാണെന്നും ഓരോന്നിലും അംഗമായിട്ടുള്ള തൊഴിലാളികൾ എത്രയാണെന്നും വ്യക്തമാക്കുമോ; തൊഴിലാളികളുടേയും തൊഴിലുടമയുടേയും ക്ഷേമനിധി വിഹിതം എത്രയാണ്;

(ബി) നാളിതുവരെയുള്ള കണക്കുപ്രകാരം ഓരോ ക്ഷേമനിധി ബോർഡിലും ക്ഷേമനിധി ഇനത്തിലുള്ള മിച്ച തുക എത്രയാണ് ; ക്ഷേമനിധി ആനുകൂല്യങ്ങളുടെ കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷേമനിധി ബാലൻസ് തുക ഏതെങ്കിലും സ്വാകര്യ ധനകാര്യ സ്ഥാപനത്തിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനത്തിൽ എന്തു തുക വീതം എന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ ബോർഡും 2004-05-ലും 2005-06-ലും ഭരണ ചെലവുകൾക്കായും ക്ഷേമകാര്യങ്ങൾക്കായും ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

† അനുബന്ധം XXI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XXI

[6-2-2006-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 139 (139) ദയവായി കാണുക]

I. അടച്ചുപൂട്ടിയ തോട്ടങ്ങൾ:

	സ്ഥിരം തൊഴിലാളികൾ	താൽക്കാലിക തൊഴിലാളികൾ
1. ആർ.ബി.ടി. ഗ്രൂപ്പ് 2		
കോഴിക്കാനം	944	..
ഗ്രാമ്പി	758	..
മൗണ്ട്	858	..
പശുമല	764	..
തങ്കമല	1113	..
2. പീരുമേട് ടീ കമ്പനി		
പീരുമേട് എസ്റ്റേറ്റ്	872	..
ലോൺഡി എസ്റ്റേറ്റ്	1112	..
3. എം. എം. ജെ. പ്ലാന്റേഷൻസ്		
ബോണാമി ടീ ഗാർഡൻ	521	..
കൊട്ടമല ടീ ഗാർഡൻ	781	..
വാഗമൺ ടീ ഗാർഡൻ	890	..
4. പുള്ളിക്കാനം എസ്റ്റേറ്റ്	548	160
5. മേത്താനത്ത് എസ്റ്റേറ്റ്	..	18

II. ഭാഗികമായി പൂട്ടിയതും ഇപ്പോൾ പ്രവർത്തിച്ചുവരുന്നതുമായ തോട്ടങ്ങൾ

1. ആർ.ബി.ടി. ഗ്രൂപ്പ് 1		
തങ്ങോക്കൽ	458	..
പാമ്പനാർ	461	..
മഞ്ചുമല	609	..
നെല്ലിക്കായ്	317	..

LIBRARY ARCHIVES Kerala Legislative Assembly

		സ്ഥിരം തൊഴിലാളികൾ	താൽക്കാലിക തൊഴിലാളികൾ
2.	ഹോപ്പ് പ്ലാന്റേഷൻസ്		
	ലാഡ്രം	509	151
	ഗ്ലെൻമേരി	667	18
	കൊടുവാക്കരണം	594	56
3.	ഹെലിബെറിയ	386	..
4.	സെമ്നിവാലി	523	..
5.	ലക്ഷ്മി കോവിൽ	111	..
6.	കരുംതരുവി ടീ കമ്പനി		
	കരുംതരുവി എസ്റ്റേറ്റ്	323	55
	പെൻഷാസ്റ്റ് എസ്റ്റേറ്റ്	148	39

LIBRARY ARCHIVES Kerala Legislative Assembly